GOVERNMENT H.S.S. FOR GIRLS, ALUVA

GGHSS

KNOWLEDGE IS POWER

little KITEs

# മഴവില്ല്...

# സന്ദേശം...................

സാങ്കേതിക വിദ്യയിൽ അഭിരുചിയും വൈദഗ്ദ്യവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാലയങ്ങളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന ക്ളബ്ബ് ഗവ.ഗേൾസ്  എച്ച്.എസ്.എസ്. ആലുവയിലും ആരംഭിച്ചിരിക്കുന്നു. പുതുതലമുറയുടെ വർദ്ധിച്ചു വരുന്ന സങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം സമൂഹത്തിനു ഗുണകരമായ പ്രവർത്തനങ്ങളിലേക്ക് വഴി തിരിച്ചുവിടാൻ ഈ ക്ളബ്ബ് പ്രവർത്തനങ്ങളിലൂടെ സാധ്യമാകും എന്ന കാര്യത്തിൽ സംശയമില്ല. മഴവില്ല് എന്ന മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. ഒപ്പം ഈ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി ആശംസകളും അർപ്പിക്കുന്നു....



മീന പോൾ

ഹെഡ്മിസ്ട്രസ്

# ആശംസ....

ഇൻഡ്യയിലെ, പ്രത്യേകിച്ചും കേരളത്തിലെ ഏറ്റവും വലിയ ഐ. ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പരിശീലന പരിപാടികൾ നമ്മുടെ സ്കൂളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ കൃതാർത്ഥതയുണ്ട്.

വിവിധ പ്രോഗ്രാമുകൾ ഉൾപ്പെടുന്ന ഈ ഐ.ടി ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും PTA യുടെ എല്ലാ വിധ വിജയാശംസകളും നേർന്ന് കൊണ്ട്

ഫ്രാങ്ക്ളിൻ
P. T. A പ്രസിഡന്റ്
GGHSS. ALUVA



# എന്റെ വിദ്യാലയം



## എഡിറ്റർ സംസാരിക്കുന്നു ...

വിദ്യാലയം ഒരു വിദ്യാർത്ഥിക്ക് തന്റെ സർവതോന്മുഖമായ വളർച്ചയുടെ കേന്ദ്രമാണ്. പഠനം മാത്രമല്ല പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാധാന്യമുണ്ട്.പഠനത്തെ ആഹ്ലാദകരമാക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കും. സങ്കേതിക വിദ്യ എല്ലാ രംഗങ്ങളിലും മുന്നേറുന്ന ഈ കാലഘട്ടത്തിൽ സമൂഹവും അതിനൊപ്പം സഞ്ചരിക്കേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ച വരുന്ന ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ് വിവര സങ്കേതിക വിദ്യയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിൽ മഹത്തായ പങ്കുവഹിക്കുന്നു. മഴവില്ല്എന്ന മാഗസിൻ ഞങ്ങളുടെ ഭാവനാ പുഷ്പങ്ങളെ വിരിയിച്ചെടുത്ത ഒരു പുഷ്പവാടിയാണ്. സൗഹൃദവും ഇണക്കങ്ങളും പിണക്കങ്ങളും നിറഞ്ഞ ഞങ്ങളുടെ വിദ്യാലയ ജീവിതത്തിന്റെ സുന്ദരാരാമമെന്ന് മഴവില്ലിനെ ഞങ്ങൾ വിശേഷിപ്പിക്കുന്നു. ജീവിതമാണ് ഏറ്റവും നല്ല പാഠപുസ്തകമെന്ന് ഗുരുജനങ്ങൾ കനിഞ്ഞു നൽകുന്ന അറിവാകുന്ന പ്രകാശത്തിലൂടെ ഞങ്ങൾ മനസിലാക്കുന്നു . ഞങ്ങളുടെ സുന്ദരമായ ഭാവി രൂപപ്പെടുത്തുവാൻ ഒപ്പം നിന്ന് ഞങ്ങളെ നയിക്കുന്ന എല്ലാവർക്കും സ്നേഹാദരങ്ങൾ....

## യവനികയ്ക്കു പിന്നിൽ....

- നിലൂഫർ അലി
- സുൽത്താന യൂനസ്
- ദേവിക
- മിസ്സ്വ മെഹ്സിൻ
- അഫീഹ
- ലെന മിജേഷ്
- സാദിയ അഷറഫ്
- ഗായത്രി ഗിരിശങ്കർ
- ഐഷാബി (കവർ പേജ്)

# താളുകൾ മറിക്കുമ്പോൾ...

1. പ്രളയത്തിനൊരു കൈത്താങ്ങ്

2. ഓർമകളിലൂടെ

3. അഭിമാനതാരങ്ങൾ

4.My Hope-Nija Fathima

5. മയിൽപ്പീലി - അപർണ ബി.എ

6. Indira Gandhi-Hudha Aboobacker

7. എന്റെ വര

8 chidren don't need mobile phones-Sulthana younas

9. കുസൃതിച്ചോദ്യങ്ങൾ - സാദിയ അഷറഫ്

10. പുഴക്കോലം - പി.എസ്.പ്രഭാവതി

11.patience and love will make you great-Daisy Antony

12. പ്രളയം - വിവാഹത്തിനു വരനെത്തിയതു പിറ്റേന്ന് - T K Ramesh

13. എന്റെ ബാല്യം -സനയ കെ.യു.

14.പ്രശ്നോത്തരി- അഫീഹ എം.എ

15. കിനാവ് - ജാസിം

16. Miracle of Mathematics-Karthika T.P

17. One page calendar 2019-Sreeja N. S

18. ഒരു വിമാന അപകടം വിവർത്തം - നിലൂഫർ അലി

19. Global Warming is killing Many-Hudha

Aboobacker

# താളുകൾ മറിക്കുമ്പോൾ...

20. പ്രഹേളിക - ലക്ഷ്മീദേവി.വി.ജി

21. Parents - Mizba Mehzin

22.Rain-Sahala Shahahas

23. A write up-C V Raman-Mizba Mehzin

24. കമലാ സുരയ്യ-സാദിയ അഷറഫ്

25. കാക്ക - മരിയ ജോയ്സ്

26. കാടെന്ന വീട് - ആഷ്ന കെ എം

27. അന്നവസാനം - ദേവിക

28. My Mom-Risna Aslam

29. എന്റെ സ്വപ്നങ്ങൾ -റിസ്ന അസ്ലം

30. സമ്മാനം - ലെന മിജേഷ്

31. Do you know-Niloofar Ali

# പ്രളയത്തിനൊരു കൈത്താങ്ങ്...










# ഓർമകളിലൂടെ...


വായു, വെള്ളം
മണ്ണ് ഇവ
സംരക്ഷിക്കുക
മാലിന്യം
തരംതിരിക്കുക


presents a series of Lec-Dems
of
KOODIYATTAM
-oldest theatre in the world
for
53 Government Schools from January 10th to February 8th








ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ
ആലുവ




SCHOOL DENTAL HEALTH
CAMP
(District Hospital, Aluva)

# അഭിമാന താരങ്ങൾ.....



സംസ്കൃതം-സംഘഗാനം





ഉറുദു- സംഘഗാനം

നാടകം





പോസ്ററർ രചന

അറബി ക്വിസ്

# My Hope

Nija fathima

I hope a dream world
with full of peace
And without war !

I hope a beautiful world
With full of greenish land
And with out any desert .

I hope a calm quite world
With full of music of birds
And without nuisance of vehicle .

I hope a colourful world
With full of natural colour
And without artificial colour

I hope a natural colour

**മഴവില്ല്**

With full of forest and grass

And without concrete forest

Isn't it for you and for me?

To write our own destiny

Sharing Love and Care with all !

## മയിൽപ്പീലി

അപർണ ബി എ

പിരിയാതെ ഓർമ്മതൻ
പീലികൾ സൂക്ഷിച്ചേൻ
മനസിന്റെ മുറിയൊരു
കാവാക്കി മാറ്റി ഞാൻ
അറിയില്ലെനിക്കറിയില്ല
അവയെ ഞാൻ
അംബരം കാട്ടുന്ന
തെങ്ങനെയെന്നറിയില്ല.
പീലികൾക്കിടയിൽ നി
ന്നൊന്നിനെയൊന്നു ഞാൻ
പൊൻനിറമുളെളാരു
വെയിലത്ത് കാണിച്ചു
കണ്ടുവോ എൻ പീലി
കണ്ടുവോ ആകാശം
നിലച്ചുവോ ലോകവും

# INDIRA GANDHI

Hudha Aboobacker

INDIRA GANDHI daughter of Jawaharlal Nehru was the prime minister of India (1966-77;1980-84) . She was assassinated on October 31 , 1984 by her sick body guards . Excerpts from her last speech delivered in Bhubaneswar , Orissa on the previous day of her death



“What is the meaning of independence if some people starve ? What is the meaning if one is not getting a reasonable income ? Our independence will attain perfection only when we are able to full fill these dream of our great leaders

My father used to say that none could divided our progress into pieces on shatter our development . In the present day world countries are rich by exploiting scientific

know – how are accumulating wealth very fast , making

use of the riches rising still higher . Even thought they are

trying to subdue other continues .

Why do they not want India to advance ? There is none outside to think for us . We have to think for ourselves and this is not my responsible alone

Today I am here; I may not be here tomorrow. But this is the responsible of the every citizen of India .

I have said earlier that a number of times attempt were made to kill me

I have lived a long life and if am proud of any things it that I have devoted all my life to the service of the people of this I am proud and not of anything.

And so long as I am alive it will be for the service of the people and even when I die, I can say that each drop of my blood will keep India alive, will make India strong.

# എന്റെ വര



നിലൂഫർ അലി



ഡെയ്സി ആൻറണി







ഗായത്രി ഗിരിശങ്കർ

# Children Don't Need Mobile Phones

Sulthana Younas



Mobile phones are everywhere. And the number of children pestering their parents demanding mobile phones is increasing. But, this has to be strictly restricted as mobile phones creates so many health and social problems.

According to studies,radiations from mobile phones can causes brain tumour and destroy red blood cells.



If someone use mobile phone more than two hours daily,it may increase the chances of that person developing blood cancer,according to studies. The use of mobile phones can also causes headache and fatigue. Apart from all these, mobile phones are used extensively by anti-socials to lure and trap children , and make them indulge unsavoury acts. There are any number of reports appearing in the media daily about such incidents . Hence it is imperative to restrict the misuses of mobile phones by students and children.



## കുസൃതിച്ചോദ്യങ്ങൾ

സാദിയഅഷറഫ്

1.കറൻറ് പോയാൽ ആദ്യം കത്തികേണ്ടത് മെഴുക്തിരിയാണൊ വിളക്കാണൊ ?

2. ഡോക്ടറായ അച്ഛനും അമ്മക്കും പിറക്കുന്ന മക്കൾ ആരാകും ?

3. ബസ്സിൽ നിന്ന് ഇറങ്ങാൻ ആദ്യം എന്ത് ചെയ്യണം ?

4. ഇന്ത്യയിലെ ഒരു സംസ്ഥാനവും ഉൽപ്പാദിപ്പിക്കാത്തത് തമിഴ് ഉൽപ്പാദിപ്പിക്കും. എന്ത് ?

5. രാമു തെങ്ങിൽ കയറി. ഇത് ഭൂതകാലം. തെങ്ങിൽ നിന്നും താഴെ വീണു. ഇത് ഏത് കാലം ?

6. പ്രായപൂർത്തിയായ ഒരാളുടെ വായിൽ എത്ര പല്ലുണ്ടാവും ?

7. കുട്ടികൾ അച്ഛനായി അഭിനയിക്കുന്നത് എപ്പോൾ ?

8. എനിക്ക് വേണ്ടി സ്വന്തമാക്കാൻ പറ്റാത്തത് സാധനം ?

9.**രാ**മൻകുട്ടി വൈകി വരാൻ കാരണം എന്ത് ?

ഉത്തരം

1. ഒന്നുമല്ല , തീപ്പെട്ടി

2.ആണോ, പെണ്ണോ ആകും

## മഴവില്ല്

3.ബസ്സിൽ കയറണം

4.തമിഴൻമാരെ

5.കഷ്ടകാലം

6.അയാളുടെ കയ്യിലിരിപ്പ് പോലെയിരിക്കും

7.പ്രോഗ്രസ് കാർഡിൽ ഒപ്പിടുമ്പോൾ

8.ശവപ്പെട്ടി

9. സമയത്തിന് ബെല്ലടിച്ചത് കൊണ്ട്

## പുഴക്കോലം

പി. എസ്. പ്രഭാവതി



*സങ്കടം തോന്നും*
*പുഴയാകെ ഒതുങ്ങി യ മ ർ ന്ന്*
*ദീനയായിരിക്കുന്നു.*
*ഞാനിത്ര യേയുള്ളൂ എന്ന് വേദനിക്കു ന്നുവോ പുഴ*
*എനിക്കെന്തൊക്കെയാകാം എന്ന മാതിരി*
*ചെ യ്തായിരുന്നല്ലോ*
*ചെയ്ത്-............*
*ഒരു നേരം എല്ലാം കൂടി മുക്കിയൊഴുക്കി*
*ഒന്നുമല്ലാണ്ടാക്കിയ*
*ഒരു കോലം*
*മറക്കാവതല്ല*
*അത് നീയായിരുന്നോ പുഴേ.....*
*നിന്നെക്കുറിച്ചെഴുതിയതും*
*സ്വപ്നം കണ്ടതും*
*ആ  കാൽ ച്ചിലമ്പൊലിയിൽ*
*പ്രണയാക്ഷരങ്ങൾ അർപ്പിച്ചതും*
*ഓർത്ത് വിറങ്ങലിച്ചു പോയ നേരം........*
*എന്നാലും പുഴേ*
*നിന്നെ എനിക്ക് ഒത്തിരി ഇഷ്ടമാണ്.*
*നീയില്ലെങ്കിൽ പിന്നെ ഒന്നുമില്ലല്ലോ.*
*പുഴയോരത്തൊന്നിരിക്കാൻ*
*ഞാനെന്തു ചെയ്യും?*
*പുഴച്ചെത്തം*

## മഴവില്ല്

*പുഴക്കോലം*
*പുഴക്കാറ്റ്*
*പുഴ പുരാണം*
*ഇതൊന്നുമില്ലേപ്പിന്നെ*
*എന്തു ഞാൻ?*
*........................*

മഴവില്ല്


# Patience and Love will make you great

Daisy Antony



This is a true story which happened in the United State.

A man came out of his house admire his new truck. He was puzzled to see his three year old son happily hummedents in to the paint of the truck. The man run to his son, knocked him a way and hammered the little boy's hand to pulp as punishment.



When the father came down , he rushed his sons to the hospital although the doctor tried desperately to save the crushed bones ; he finally had to amputate the fingers from both the hands of the boy .When the boy woke after the surgrey and saw the bandage stubes , he innocently said,"Daddy I am sorry about your truck ."Then he asked," but when will my fingers grow back."

The father wept and went home and committed suicide.

Think about this story the next time when some one steps on your feet and you lose patience with someone you love. Trucks can be repaired but, both bones and hurt feelings can't often. Too often we fail to recognize the difference between the persons and the performance and patience. Forgive and forgot . Love one and all

"If you judge people you will have nothing to love them." says Mother Teresa.

## പ്രളയം-വിവാഹത്തിനു വരനെത്തിയതു പിന്നേറ്റ്....!

ടി കെ രമേഷ്

ഈ പ്രളയ ദിനങ്ങളിൽ നമ്മുടെ നാട്ടിൽ അങ്ങനെയും ഒരു സംഭവമുണ്ടായി ഈ വിവരം ആ ദിവസങ്ങളിൽ പത്രമില്ലാതിരുന്നാൽ നാമറിഞ്ഞിരുന്നില്ല . തിരുവനന്തപുരത്ത് വിതരണം ചെയ്യപ്പെട്ട പ്രമുഖ മലയാള പത്രത്തിലാണ് ഈ വാർത്ത വന്നത് .സംഭവം ഇങ്ങനെ നെടുമ്പാശ്ശേരി അകപ്പറമ്പ് പ്ലാമുട്ടിൽ വീട്ടിൽ പി. എം. രവി - വിജലമ്മ ദമ്പതികളുടെ മകൻ ഷൈനിന്റെയും നെടുമങ്ങാട് മഞ്ച ഗീതു ഭവനിൽ രാജൻ - ഷീജ ദമ്പതികളുടെ മകൾ ഗീതുവിന്റേയും വിവാഹം നേടുമങ്ങാട് മുന്നോരക്കൽ CSI പള്ളിയിൽ ശനിയാഴ്ച ആർഭാടപൂർവ്വം നടക്കേണ്ടതായിരുന്നു.എന്നാൽ വെള്ളപ്പൊക്കത്തിൽ നെടുമ്പാശ്ശേരിയും സമീപ പ്രദ്ദേശങ്ങളും വെള്ളത്തിൽ മുങ്ങിയതിനാൽ വരനും കൂട്ടർക്കും ശനിയാഴ്ച നെടുമങ്ങാട്ടേയ്ക്ക് വരാനും പോകാനും യാതൊരു മാർഗ്ഗവും ഇല്ലാതായി. വിവരം വധുവിന്റെ വീട്ടുകാരെ യഥാസമയം അറിയിക്കുവാൻ മൊബൈലുകളിൽ ചാർജ് ഇല്ലാതിരുന്നതിനാൽ കഴിഞ്ഞില്ല. നെടുമ്പാശ്ശേരിയിലും സമീപ പ്രദേശങ്ങളിലും ശനിയാഴ്ചക്കു മുമ്പ് തന്നെ വൈദ്യുതി വിതരണം തടസപ്പെട്ടിരുന്നു. ഷൈനും പിതാവ് രവിയും നെടുമ്പാശ്ശേരിയിൽ നിന്ന് കിലോമീറ്ററുകൾ നടന്നും നീന്തിയും കല്യാണ സാരിയും താലിയുമായി എറണാകുളം റെയിൽവേ സ്റ്റേഷനിൽ ശനിയാഴ്ച ഉച്ചകഴിഞ്ഞെത്തി .അവിടെ നിന്ന് ട്രെയിനിൽ രാത്രി തിരുവന്തപുരത്തെത്തി ആര്യനാട്ട് ഷൈനിന്റെ മാതാവിന്റെ കുടുംബ വീട്ടിൽ എത്തിയ ശേഷമായിരുന്നു വധുവിന്റെ വീട്ടുകാരെ വിവരമറിയിച്ചത് .വരനും കൂട്ടരും എത്താൻ വൈകിയതിനെക്കുറിച്ച് യാതൊരു വിവരവും ലഭിക്കാതെ വിഷമത്തിലായിരുന്നു വധുവിന്റെ വീട്ടുകാർ വരൻ എത്തിയതറിഞ്ഞ് രാത്രി

തന്നെ വധുവിന്റെ  വീട്ടുകാർ ആര്യനാട്ട് എത്തുകയും ഇരു കൂട്ടരും ആലോചിച് ഞായറാഴ്ച നെടുമങ്ങാട് മുരക്കോരയ്ക്കൽ CSI പള്ളിയിൽ വച്ച് ആർഭാടരഹിതമായി ഷൈനിന്റെയും ഗീതുവിന്റേയും വിവാഹം നടത്തി. ശനിയാഴ്ച വിവാഹത്തെത്തുടർന്ന് നെടുമങ്ങാട് ധനലക്ഷമി ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന വിവാഹ സൽക്കാരത്തിനായി ഒരുക്കിയിരുന്ന വിഭവങ്ങൾ പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു. വിവാഹത്തെത്തുടർന്ന് വരനും വധുവും ആര്യനാട്ട് വരന്റെ മാതാവിന്റെ കുടുംബ വീട്ടിലേക്ക് പോയി.

# എന്റെ ബാല്യം

സനയ കെ.യു



എന്റെ ജീവന്റെ തുടിപ്പുകൾ പ്രകൃതിയിൽ
നിന്നാവാഹിച്ചു
എൻ ബാല്യം മണ്ണിൽ പിച്ച വച്ചാരംഭിച്ചു
എൻ ബാല്യകാലം മണ്ണിലെ ചെറുപ്രാണികൾ,
സസ്യ ജാലങ്ങൾ എന്നിവയിൽ നിന്നും തുടങ്ങി.
എൻ ബാല്യത്തിൽ ചെറുപ്രാണികൾ ഉറുമ്പുകൾ ഇവയെ
കയ്യിൽ വാരിയെടുത്ത് പിടിച്ചതും ഞാൻ ഓർക്കുന്നു.
എൻ അമ്മ മാമ്മുണ്ണാൻ മാറോട് ചേർത്ത്
അമ്പിളി മാമനെ കാട്ടിതന്ന് മാമ്മുണ്ണിച്ചതും
എൻ താതന്റെ കൈപിടിച്ച് ആദ്യമായി ഞാൻ
വിദ്യാലയത്തിൽ കാൽകുത്തിയതും ഞാൻ ഓർക്കുന്നു

## الرياضات الذهنية Afeeha M A

ا.ماهى، اكبر مقاطعة في كير لا؟
٠٢ من ألف نشيدت الوطنية؟
٠٣ كم يوما في الأص بوع ؟
٤٠نبى يعرف ب كليم الله
٥٠آخر سورة قرآنية
٦٠نبي يعرف ب خليل الله؟
٠٧ عملة قطر؟
٨٠اصغر سورة في القرآن؟
٩٠أكبر نهر في كير لا ؟
١٠.عدد الأنهار في كير لا ؟
أ، بالكا
٠٢روبين مرا ناد تاغور
٣ ٠سبعة
٠٤ موسى
٥ ـإخلاص
٦٠إبراهيم
٠٧ريال
٨٠كوثر
٠٩بهارت بزا
ا، ـ٤٤الأجوبة

## കിനാവ്

ജാസിം

ഖൽബിന്റെ കടവത്ത്
ചുവപ്പോളങ്ങളിൽ  ഉലഞ്ഞു കിടക്കുന്ന
തോണിയിൽ
നമ്മളെത്ര നേരമാണ് ഇരുന്നത്

കിസ്സപ്പാട്ടുകളുടെ ഈരടികൾ
തെന്നൽ തന്ത്രികളിലൂടക്കി
കാതുകളിലേക്ക് അഴിഞ്ഞു വീണതോർത്ത്
എത്രയോ  നേരമായി കണ്ണുകൾ മുത്തുന്നു,,

ബഹറിൻ അലകൾ പോലെ
ഞൊറിഞ്ഞിട്ട വാനനീലപ്പരപ്പിലേക്ക്
തോണിയൊഴുകുമ്പോൾ
മുഹബ്ബത്തിന്റെ നക്ഷത്രങ്ങൾ
വെളിച്ചം വിതറുന്നത്
നമ്മളെത്ര നേരമാണ് കണ്ടു കൊണ്ടേയിരുന്നത്,,,,,,

ജബലുകൾക്കപ്പുറത്ത്
സവാദിയുടെ ആഴമില്ലാക്കടലിൽ
നമ്മളൊരാകാശമായി
വീഴുമ്പോൾപോലും
ഇഷ്ക്കിന്റെ പട്ടുറുമാലിൽ
നമ്മളെത്ര പനിനീർപൂക്കളാണ്
തുന്നുന്നത്,,,,

## Miracle of Mathematics...Karthika T P

*2019* is the smallest number that can be written in 6 ways as the sum of the squares of 3 primes:

*$7^2 + 11^2 + 43^2 = 2019$*

*$7^2 + 17^2 + 41^2 = 2019$*

*$13^2 + 13^2 + 41^2 = 2019$*

*$11^2 + 23^2 + 37^2 = 2019$*

*$17^2 + 19^2 + 37^2 = 2019$*

*$23^2 + 23^2 + 31^2 = 2019$*

*Wish You All  A Happy New Year 2019....!*

മഴവില്ല്

## One Page Calendar 2019 Sreeja N S

| One Page Calendar 2019 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Dates | | | | | Apr | Jan | May | Aug | Feb | @bpk69 | |
| | | | | | Jul | Oct | | | Mar | Jun | Sep |
| | | | | | | | | | Nov | | Dec |
| 1 | 8 | 15 | 22 | 29 | Mon | Tue | Wed | Thu | Fri | Sat | Sun |
| 2 | 9 | 16 | 23 | 30 | Tue | Wed | Thu | Fri | Sat | Sun | Mon |
| 3 | 10 | 17 | 24 | 31 | Wed | Thu | Fri | Sat | Sun | Mon | Tue |
| 4 | 11 | 18 | 25 | | Thu | Fri | Sat | Sun | Mon | Tue | Wed |
| 5 | 12 | 19 | 26 | | Fri | Sat | Sun | Mon | Tue | Wed | Thu |
| 6 | 13 | 20 | 27 | | Sat | Sun | Mon | Tue | Wed | Thu | Fri |
| 7 | 14 | 21 | 28 | | Sun | Mon | Tue | Wed | Thu | Fri | Sat |

മഴവില്ല്

## ഒരു വിമാന അപകടം     വിവർത്തനം:നിലൂഫർ

**ജൂലിയാനേകൊയ്പ്പക്കെ**



വിമാനയാത്ര ഞാൻ എല്ലായ്പ്പോഴും അസ്വദിച്ചിരുന്നു. അച്ഛന്റെ ഒപ്പം വനത്തിലെ ഞങ്ങളുടെ ചെറിയ വസതിയിൽ ക്രിസ്മസ് ചെലവഴിക്കാൻ  ഞങ്ങൾ ആഗ്രഹിച്ചു. ലിമയിലെ സെകണ്ടറി സ്കൂളിൽ എന്റെ പഠനം പൂർത്തിയാക്കിയ ഉടനെതന്നെ ഞാനും അമ്മയും ലാൻസ എയർ ലൈൻസിന്റെ ഫ്ളൈറ്റ് 508-ൽ സ്ഥാനം പിടിച്ചു.പരിസ്ഥിതി ശാസ്ത്രജ്ഞനായ എന്റെ അച്ഛനും പക്ഷിശാസ്ത്രജ്ഞയായ എന്റെ അമ്മയും ലിമയിലെ സാൻ മാർകോസ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ സ്ഥാനം വഹിച്ചിരുന്നു. അവർ ഗവേഷണം നടത്തിയിരുന്ന വനത്തിൽ ഞങ്ങൾ ധാരാളം സമയം ചെലവഴിച്ചിരുന്നു.ഞാൻ പുറകിൽ നിന്നും മൂന്നാമത്തെ  വരിയിൽ ജനലിന്റെ അടുത്തുള്ള സിറ്റിൽ ആണ്





ഇരുന്നിരുന്നത്. അമ്മ എന്റെ അടുത്ത് തന്നെ ഇരുന്നു.  ഞങ്ങൾക്കു പരിചയമില്ലാത്ത ഒരാൾ സിറ്റുകൾകിടയിലെ ഇടനാഴിയിലും. എല്ലാം തിർത്തും സാധാരണ രീതിയില്ലാണ് അനുഭവപ്പെട്ടത്ത് - പറന്നുയർന്നതും , മഞ്ഞുമൂടിയ ആൻഡീസിനു മുകളിലെത്തിയതും , പ്രഭാത ഭക്ഷണവും പുഞ്ചിരി തൂകുന്ന പരിചാരകരും കിഴക്കു ചക്രവാളം വരെ പരന്നു കിടക്കുന്ന ഹരിതവനപ്രദേഷവും എല്ലാം. യാത്രക്കാർ വായിക്കുകയോ നർമ്മസല്ലാപത്തിലേർപ്പെടുകയൊ ചെയ്തു.



## മഴവില്ല്

എല്ലാവരും ഒരു അവധിക്കാല മനോഭാവത്തില്ലായിരുന്നു. തെളിഞ്ഞ കാലാവസ്ഥയിൽ ലിമയിൽ നിന്നും

പുകാൾപായിലേക്കുള്ള പറക്കൽ ലോകത്തിലെ ഏറ്റവും മനോഹരമായ ഒന്നാണ്. പക്ഷേ , പറന്നുയർന്ന്  മുപ്പതു മിനിറ്റിനുശേഷം ഞങ്ങൾ വനത്തിന് മുകളിലെത്തിയപ്പൊൾ കാഴ്ച്ചയുടെ വ്യക്തത കുറഞ്ഞു. പെട്ടെന്ന് ഞങ്ങൾ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടു. കാര്യങ്ങൾ ഞാൻ ഇതിനു മുമ്പ് അനുഭവപ്പെട്ടിട്ടുള്ളത്തിൽ നിന്നും വ്യത്യസ്തമായിരുന്നു.പരന്ന പകൽവെളിച്ചം ഞങ്ങൾക്കു ചുറ്റും ഇരുട്ടായി മാറി. എല്ലാദിക്കിൽ നിന്നും ഇടിമിനൽ തുടർച്ചയായി വന്നുക്കൊണ്ടിരുന്നു. അതേസമയംതന്നെ ഒരു അജ്ഞാതശക്തി , ഒരു കളിപ്പാട്ടത്തെ എന്ന പോലെ വിമാനത്തെ കുലുക്കിമറിച്ചുകൊണ്ടിരുന്നു. സാധനങ്ങൾ തലയിൽ വീഴാൻ തുടങ്ങിയപ്പൊൾ   ആളുകൾ നിലവിളിച്ചു. ബാഗുകളും പൂക്കളും പൊതിക്കെട്ടുകളും കളിപ്പാട്ടങ്ങളും ഉടുപ്പുക്കളും മറ്റു വസ്തുങ്ങളും ഞങ്ങളുടെമേൽ ശക്തിയായി പതിച്ചു. സാൻഡ്‌വിച്ച്ട്രേകളും ബാഗുകളും അന്തരീക്ഷത്തിൽ പറന്നുയർന്നു. ആളുകൾ ഭയചകിതരായി അലമുറയിട്ടു നിലവളിക്കാൻ തുടങ്ങി. വെളിയിൽ , വിമാനത്തിന്റെ വലതുചിറകിൽനിന്ന് ഒരുതരം മഞ്ഞ ജ്വാല ബഹിർ ഗമിക്കുന്നത് ഞാൻ കണ്ടു. കണ്ണഞ്ചിപ്പിക്കുന്ന ആ വെളിച്ചത്തിൽ എന്റെ കാഴ്ച്ച മറിഞ്ഞു. അതേ സമയം എന്റെ അമ്മ വളരേ ശാന്തമായി പറയുന്നതു ഞാൻ കേട്ടു“ ഇപ്പോൾ എല്ലാം കഴിഞ്ഞിരിക്കുന്നു”. ഒരു നിമിഷത്തിനു ശേഷം അതിശക്തമായ ഒരു കുലുകമുണ്ടായി , ഞാൻ വിമാനത്തിനുവെളിയിലായെന്ന് എനിക്കു മനസ്സിലായി , സീറ്റുമായി ബന്ധിക്കപ്പെട്ട നിലയിൽ ഞാൻ വിമാനത്തിൽ നിന്ന് അകലേക്കു പറക്കുകയായിരുന്നു. ഞാൻ മാത്രം ,

ഏകയായി . ഞാൻ താഴേക്കു വിഴുകയായിരുന്നു. വായുവിൽ പലതവണ മറിയുന്നത് എന്റെ ഓർമിക്കാൻ കഴിയുന്നുണ്ട്. താഴെയുള്ള മരങ്ങൾ കോളിഫ്ളവർ പോലെയാണെന്നു കരുതിയതും ഓർക്കുന്നുണ്ട് .അപ്പോഴേക്കും എന്റെ ബോധം നഷ്ടമായി.



മഴ എന്നെ ഉണർത്തിയപ്പോഴേക്കും വെളിച്ചമായികഴിഞ്ഞിരുന്നു. തല കിഴായി മറിഞ്ഞു കിടന്ന മൂന്നു സീറ്റുകളുടെ ഒരു കൂട്ടതിനിടയിൽ കിടക്കുകയായിരുന്നു ഞാൻ.എന്റെ അമ്മയുടെയൊ മറ്റു യാത്രക്കാരുടേയോ വിമാനത്തിന്റേ യാതൊരു സുചനയും ഇല്ലായിരുന്നു. ആകെക്കൂടി കേൾക്കാൻ കഴിഞ്ഞിരുന്നത് തവളകളുടെ കരച്ചിലും മഴയുടെ ശബ്ദവും മാത്രം. എന്റെ തലയിൽ ഒരു വിക്കവും കാൽപത്തിയിൽ ആഴത്തിലുള്ള മുറിവുമാണ് ഉണ്ടായിരുന്നത്. എന്നിക്കു വേദന ഒന്നും തോന്നിയില്ല. പക്ഷേ ചലിക്കുന്നതിനോ ചുറ്റുപാടും നിരീക്ഷിക്കുന്നതിനൊ ഉള്ള ശക്തി സമാഹരിക്കാൻ എനിക്ക് ആയില്ല. അങ്ങനെ ആ സീറ്റിനടിയിൽ പേടിച്ച് ,പാതി ഉറങ്ങി ആ രാത്രി മുഴുവൻ കഴിച്ചു കൂട്ടി. അടുത്ത ദിവസം രാവിലെ ഞാൻ പതുക്കെ ഇഴഞ്ഞു പുറത്തിറങ്ങി. തലച്ചുറ്റലിൽ എല്ലാ വസ്തുക്കളും കറങ്ങുന്നതു പോലെ തോന്നി. ഞാനൊരു ചെറിയ പൊതിക്കെട്ട് കണ്ടു. അതു തുറന്നു. അതിൽ കുറെ മധുരപലഹാരങ്ങളും ഒരു ക്രിസ്മസ് കേക്കുമുണ്ടായിരുന്നു. കേക്ക് രുചിച്ചു നോക്കിയിട്ടു താഴേയിട്ടു . അതു നനഞ്ഞുകുതിർന്നതും മനം പുരട്ടുന്നതുമായിരുന്നു. പിന്നീട് പാമ്പുകളുടെയും വിഷചിലന്തികളുടെയും ഉറുമ്പുകളെയും

## മഴവില്ല്

ഒഴിവക്കാനായി നിലം നിരീക്ഷിക്കാൻ

വെണ്ടി നീളമുള്ള ഒരു കമ്പ് ഞാൻ കൈയിൽ എടുത്തു. ഞങ്ങൾ വനത്തിൽ താമസിച്ചിരുന്ന സമയത്ത് വനത്തിലെ അപകടങ്ങളെക്കുറിച്ച് എന്റെ മാതാപിതാക്കൾ എനെ പഠിപ്പിച്ചിരുന്നു - വലിയ മൃഗങ്ങളല്ല ഏറ്റവും അപകടകാരികൾ , പാമ്പുകളും ചെറു ജീവികളുമാണ് .

വടി കൊണ്ട് മുമ്പോട്ടു പരതികൊണ്ട് ഞാൻ എന്റെ അമ്മയെ അന്വേഷിക്കാൻ ആരംഭിച്ചു .കടുത്ത തലച്ചുറ്റൽ അനുഭവപെട്ടതിനാൽ ഓരോ അടിവച്ച ശേഷവും എനിക്കു വിശ്രമിക്കേണ്ടതായി വന്നു . മണിക്കൂറുകളോളമുള്ള തെരച്ചിലിനുശേഷം അടുത്തെവിടെയോ വെള്ളമൊഴികുന്ന നേർത്ത ശബ്ദം കേട്ടു , ഒരു ചെറിയ അരുവി കണ്ടെത്തുകയും ചെയ്തു . വനത്തിൽ കുടുങ്ങിയപ്പൊൾ , ഒരാൾ ഏപ്പോഴും അരുവികൾക്കായി അന്വേഷിക്കണം എന്ന് എന്റെ മാതാപിതാക്കൾ എന്നെ ഗൗരവപൂർവം ബോധ്യപ്പെടുത്തിയിരുന്നു . പിന്നീട് അവയെ പിന്തുടർന്ന് വലിയ അരുവികളിലേക്കും എത്തണം . ഇവിടെ റോഡുകൾ എന്നത് നദികളാണ് . ഇവിടുത്തെ റെഡ് ഇന്ത്യൻ ഗോത്രവർഗങ്ങളും വൈള്ളക്കാരായ തോട്ടമുടമകളും നദിതീരത്താണ് പാർക്കുന്നത് . പെറുവിലെ ഉഷ്ണമേഘല പ്രദ്ദേഷത്തെ നദിക്കൾ വളഞ്ഞുപുളഞ്ഞു ചുറ്റികറങ്ങിയാണ് ഒഴുക്കുന്നത് . ഒരാൾക്ക് തീരത്തുകിലോമിറ്ററകളോളം നടക്കാം , പക്ഷേ അയാളുടെ



## മഴവില്ല്

ലക്ഷ്യസ്ഥാത്തേക്ക് ഏതാനും മീറ്ററുകളെ അയാൾക്ക് മുനേറാൻ കഴിയുകയുള്ളു

പക്ഷേ എനിക്ക് നദിക്കട്ടത്തൊ നദിയിലോ കഴിച്ച്കൂട്ടേണ്ടിയിരുന്നു .ഓരോ ചുവടും ദുഷ്കരമാകിക്കൊണ്ട് നദീതിരങ്ങൾ മുവുവൻ വള്ളിപടർപ്പുകൾ വളർന്നു പന്തലിച്ചിരുന്നു . ചില നേരങ്ങളിൽ എനിക്ക് വെള്ളത്തിത്തിലൂടെ കഷ്ടപ്പെട്ടു കാലുകൾ വലിച്ചു നടക്കേണ്ടി വന്നു. കാരണം വലിയ ദ്രവിച്ച മരതടികൾ വഴി മുടക്കി . മുനോട്ടുള്ള യാത്ര വളരെ മന്ദഗതിയിലായിരുന്നു.

വനത്തിലെ രാത്രികൾ സിനിമയിൽ മാത്രമേ ആകർഷകമായിരിക്കുകയുള്ളു . യഥാർത ജീവിതത്തിൽ അവ ഭയാനകങ്ങളാണ് . അവിടെ എവിടെയൊ ഏപ്പോഴും എന്തൊ കിരുകിര ശബ്ദം . പാമ്പുകൾ ?എന്തോ എന്റെ കാലുകളിലൂടെ ഇഴയുന്നുണ്ടായിരുന്നു , ഒരു ഊറാമ്പുലി . ചീഞ്ഞളിയുന്ന മരങ്ങൾ മൂലം വായു പോലും വിഷമയമായി തോന്നിച്ചു . ഞാൻ ഇടവിട്ടാണ് ഉറങ്ങിയത് . മൂന്നാം ദിവസം ഞാൻ കഴുകന്മാരുടെ ശബ്ദം കേട്ടു . കഴുകന്മാർ ഏവിടെയുണ്ടൊ ,സാധാരണയായി അവിടെ ശവങ്ങളും ഉണ്ടായിരിക്കും . വിമാനത്തിന്റെ പ്രധാന ഭാഗത്തിന്റെ ഒരു കഷ്ണവും ചുരുണ്ട കേബുളുകളും ഞാൻ കാണാനിടയായി . ആ പ്രദ്ദേഷത്ത് എരിഞ്ഞ ഇന്ധനത്തിന്റെ ദുർഗന്ധമുണ്ടായിരുന്നു .പക്ഷേ , അപകടത്തിൽ നിന്ന് രക്ഷപ്പേട്ട ആരേയും കാണാൻ കഴിഞ്ഞില്ല . ഉച്ചയ്ക്ക ശേഷം വിമാന എൻജിനുകളുടെ ശബ്ദം കേട്ടു . നിരർത്ഥകമാണെന്നറിയാമായിരുന്നെട്ടും ഞാൻ "ഹെല്ലോ!രക്ഷിക്കണ! "

എന്ന് പലതവണ വിളിച്ച് കൂവി . അവർ വളരേ

## മഴവില്ല്

അടുത്തായിരുന്നിരിക്കാം , എങ്കിലും ഞാൻ അവരേ ഒരിക്കലും കണ്ടില്ല . അവർ എന്നെ കണ്ടെത്തുകയുമുണ്ടായിരുന്നില്ല . അതിനു ശേഷം വിമാനങ്ങളുടെ ശബ്ദം ക്രമേണേ ഇല്ലാതാവുകയും വീണ്ടും ഞാൻ തനിച്ചാവുകയും ചെയ്തു . പക്ഷേ , ഞാൻ നിരാശയായില്ല ;എനിക്കു നടക്കാനാകുമായിരുന്നു . എനിക്കു വിശപ്പില്ലായിരുന്നു . തെളിഞ്ഞ അരുവിയിൽ നിന്ന് വെള്ളം കുടിക്കാനും എനിക്ക് സാധിച്ചു .

നാലാം ദിവസം എന്റെ കൈയിൽ ഉണ്ടായിരുന്ന ഓരേയൊരു ആഹാരമായിരുന്ന മധുരപലഹാരം ഞാൻ തീർത്തു . കൊതുകും കുതിര ഈച്ചയും കടിച്ച് എന്റെ ശരീരം വീർത്തിരുന്നു . അവിടെവിടെയായി നീരയായി നീങ്ങി കൊണ്ടിരുന്ന ഉറുമ്പിൻ കൂട്ടങ്ങൾ എന്റെ വഴി തടഞ്ഞു . അവയെ ഒഴിവാക്കാനായി വള്ളിപടർപ്പിലൂടെ ബദ്ധപ്പെട്ടു നുഴഞ്ഞുനിങ്ങിയ എനിക്ക് ഏതാനും മീറ്ററുകൾ മാത്രമേ മുനേറാൻ കഴിഞ്ഞുള്ളു . ഏതായാലും എന്റെ അരുവി ഒരു വലിയ നദിയിലേക്ക് ഒഴുകി എത്തുകയും ചെയ്തു . ഞാൻ നദികരയിലൂടെ നദി ഒവുകുന്ന ദിക്കിലൂടെ ദ്ര്ഢനിശ്ചയത്തോടെ നടന്നുനിങ്ങിയപ്പോൾ തത്തകൾ , കുരങ്ങുകൾ ഹമ്മിങ് ബേ(ർ )ഡ്സ് ,മരത്തിൽ വളരുന്ന പല തരത്തിലുള്ള ഓർകിഡുകൾ  എന്നിവ കണ്ടു .

അത്ഭുതമെന്നു പറയട്ടെ എന്നിക്ക് വിശപ്പില്ലായിരുന്നു . സ്വാദിഷ്ടമെന്നു തോന്നിപ്പിച്ച പഴങ്ങൾ ഞാൻ വേണ്ടെന്ന് വെച്ചു .കാരണം ഇവിടെ സുന്ദരവും  , പ്രലോഭിപ്പിക്കുന്നതുമായ പല വസ്തുക്കളും വിഷമുള്ളതായിരീക്കും . കാട് പല തരത്തിലുള്ള കെണികൾ നിറഞ്ഞതാണ് . ജീർണ്ണതയും വളർച്ചയും കൈകോർത്ത് നീങ്ങുന്ന ഒരു യുദ്ധകളമാണ്  വനം . എല്ലാ ചെടികളും മത്സരിക്കുന്നു . മറ്റുള്ള ഓരോരുത്തരിൽ നിന്നും

## മഴവില്ല്

സൂര്യപ്രകാശം കവർന്നെടക്കുന്നു . ജീവിക്കാൻ വേണ്ടി പരസ്പരം മത്സരിക്കുന്നു . അവരുടേ ഇരകളുടെ ശവം ആർത്തിയോടെ ഭക്ഷിക്കുന്നു .

എന്റെ കാലിലെ തുറന്ന മുറിവ് പ്രാണികൾ മൂലമുള്ള രോഗബാധകാരണം കൂടുതൽ വശളായി കൊണ്ടിരുന്നു . ഓരോ തവണയും ഈച്ച കടിച്ചപ്പൊൾ , അവർ മുറിവിൽ ധാരാളം മുട്ടകൾ ഇടുന്നുണ്ടായിരുന്നു . അവ വിരഞ്ഞ ചെറിയപുഴുകളും പുറത്ത് വന്നു . അവ പുറത്ത് ചാടുന്നത് ഞാൻ നിസ്സഹയായി നൊക്കി നിന്നു . ഓരോന്നും ഏതാനും ഒരു സെന്റിമീറ്റർ നിളമുണ്ടായിരുന്നു . അവർ എന്നെ ജീവനോടെ തിന്നുകയായിരുന്നു . "ദൈവമേ എന്നെ സാഹായിക്കണേ " ,ഞാൻ പ്രർത്ഥിച്ചു "ഞാൻ രക്ഷപ്പേട്ടാൽ തന്നെ ഇവർ എന്നെ അംഗഹിനയാക്കും"

ഞാൻ വളരേ ക്ലേഷിച്ച് പിന്തുടരുന്ന നദിക്ക് നീളം കൂടു വന്നു


മുന്നിലായി വ്യക്തമായി ഒരു കാഴ്ച കിട്ടിയപ്പോഴേക്കും ഞാൻ സാഹസികമായി നീന്തി . ഒഴുക് എന്നെ എന്നെ വഹിച്ച് കൊണ്ടുപൊയിരുന്നതിനാൽ നീന്തൽ കൂടുതൽ വേഗത്തിലായിരുന്നു . കരയിൽ ഞാനെന്റെ വഴി ശ്രദ്ധാപൂർവം തെരഞ്ഞെടുത്തു . കാൽവെയ്ക്കുന്നത് എവിടെയാണെന്ന് ശ്രദ്ധാപൂർവം നിരീക്ഷിച്ചു , കാരണം ദ്രവിച്ച ഇലതൾക്ക് ഒരു പാമ്പിനെയേ വിഷമുള്ള ഞണ്ടുകളെയേ ഒളിച്ചുവയ്ക്കാൻ കഴിയുമായിരുന്നു . "നിങ്ങൾ ഒരു ഞണ്ടിന്റെ പുറത്ത് ചവിട്ടിയാൽ" ഞാൻ ആത്മഗതം ചെയ്തു "അതു നിന്റെ അവസാനമാകും."

നടപ്പ് ക്രമേണ ദുഷ്കരമായി . ഭക്ഷണമില്ലായ്മയും 450 ചൂടും ഈർപ്പവും എനെ കൂടുതൽ ബലഹീനയാക്കി . നദിയിൽ

## മഴവില്ല്

ഒഴുക്കിന്റെ വേഗത കൂടിയതുകൊണ്ട് എനിക്കു പിന്നീട് നീന്താനും കഴിഞ്ഞില്ല . ഒരു വൈകുന്നേരം ഞാൻ രാത്രിയിൽ കിടക്കാനായി ഒരു സ്ഥലം ഞാൻ നോക്കുകയായിരുന്നു . ഞാൻ പിൽക്കാലത്ത് ഓർത്തെടുത്തതിൻപ്രകാരം അതു പത്താമത്തെ ദിവസമായയിരുന്നു . പെട്ടെന്ന് , ഒരു ബോട്ട് നദിയുടെ തീരത്തോട് ചേർത്തുകെട്ടിയിരിക്കുന്നത് കണ്ടു . ഒരു ചെറിയ കുടിലിലേക്കുള്ള വഴിയും ഉണ്ടായിരുന്നു . ഞാൻ കുടിലിൽ കടന്നു . തറയിൽ ബോട്ടിനു വെളിയിൽ പിടിപ്പിക്കുന്ന ഒരു മോട്ടർ ശ്രദ്ധയോടെ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞു വച്ചിരിക്കുന്നതും ഒരു ടിൻ പെട്രൊളും കണ്ടു . ആരേങ്കിലും തിരിച്ച് ഇങ്ങോട്ടു വരുമെന്ന് വ്യക്തമായിരുന്നു .

പക്ഷേ , എപ്പോൾ ?ഞാൻ തറയിൽ കിടന്നു ,നന്നായി ഉറങ്ങിയില്ല . കാരണം മനുഷ്യശബ്ദത്തിനായി കാതോർത്തു കിടക്കുകയായിരുന്നു. പക്ഷേ , കുരങ്ങന്മാരുടെ പരുക്കൻശബ്ദവും ചെറു തത്തകളുടെ ചിലയ്ക്കലും മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളു . മറ്റു ചിലപ്പോൾ അപകടമാംവിധം അരികിലൂടെ കുടിലിന്റെ വെള്ളിയിലൂടെ എന്തോ സഞ്ചരിക്കുന്ന പോലെ തോന്നി .



അടുത്ത ദിവസം ഞാൻ യാത്ര തുടരാൻ ആഗ്രഹിച്ചു . ആളുകൾ അവരുടെ ബോട്ടിന് വേണ്ടി

### മഴവില്ല്

ദിവസങ്ങളോ ആഴ്ച്ചകളോ വേണ്ടി വന്നേക്കാം . വേറെ ആരുടെയോ ഉടമസ്ഥതയിലുള്ള ബോട്ട് കൈവശപെടുത്താൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല .എന്നാൽ , മഴ വീണ്ടും കോരിച്ചോരിയാൻ തുടങ്ങി . അതു കോണ്ട് ഞാൻ ആ കുടിലിൽ തന്നെ കഴിഞ്ഞു . അപ്പോൾ ഞാൻ ചില ശബ്ദങ്ങൾ കേട്ടു . മൂന്നു പുരുഷന്മാർ കനത്ത മഴയിൽ കുടിലിനകത്തേക്ക് ചാടി വീണു . 'കൊള്ളാം' , അവരിലോരാൾ സ്പാനിഷ് ഭാഷയിൽ അത്ഭുതത്തോടെ പറഞ്ഞു . "എന്താണ് ഇവിടെ?" ആ ആളുകൾ വെള്ളക്കാരുടെയും റെഡ് ഇന്ത്യക്കാരുടെയും സങ്കരവർഗത്തിൽപെട്ട നായാട്ടുകാരായിരുന്നു . അവരുടെ ഈ നായാട്ടുപര്യടത്തിനായി അവർ വനത്തിൽ ഇത്തരം പല കുടിലുകളും നിലനിർത്തുണ്ടെന്ന് അവർ എന്നോട് പറഞ്ഞു .അവർ വിമാനപകടത്തെക്കുറിച്ച് അറിഞ്ഞിരുന്നു . അപകടത്തിനുശേഷം വനത്തിനുമുകളിലൂടെ പറന്ന അന്വേഷണ വിമാനത്തിൽ അവരിൽ ഒരാൾ ഉണ്ടായിരുന്നുതാനും . "ഞങ്ങൾക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല" , അയാൾ പറഞ്ഞു . " ആളുകളെയും വിമാനവശിഷ്ടങ്ങളും ഒന്നും " അവർ ഉപ്പു വെള്ളത്തിൽ എനെ കുഴിപ്പിച്ചു . വ്രണങ്ങളിൽ എന്തോ ലേപനതൈലം പുരട്ടി .അവർ എനിക്ക് വേണ്ട പഴങ്ങൾ കുഴമ്പ് പോലെയാക്കി തന്നു , പക്ഷേ എനിക്കു കഴിക്കുവാൻ കഴിഞ്ഞില്ല .

അടുത്ത ദിവസം അതിരാവിലെ അവർ ബോട്ടു തയാറാക്കി , എന്നെയും കൊണ്ട് നദിയുടെ ഒഴുകിനൊത്ത് യാത്രചെയ്തു . എന്റെ നദി ' ശിബോയ ' കൂടുതൽ വിസ്തൃതവും വേഗമേറിയതുമായി , ഒപ്പം കുടുതൽ അപകടകാരിയും . ഞാൻ നടക്കേണ്ടിവരുമായിരുന്ന തീരത്തേക്കു ഞാന് നൊക്കി , അതു യാത്ര കൂടുതൽ ദുഷ്കരമാകുകയും ചെയ്യുന്നതായിരുന്നു .

## മഴവില്ല്

മണിക്കുറുകൾ വേണ്ടി വന്നു ഞങ്ങൾക്ക് ടൂർണാവിസ്റ്റ എന്ന വനത്തിലെ താവളത്തിൽ എത്തിചേരാൻ . ആളുകൾ ഒച്ചവെച്ചുകൊണ്ട് ഓടി വന്നു എനെ തുറിച്ചുനൊക്കാൻ . എന്റെ രക്ഷകരിൽ ഒരാൾ കാരണം വ്യക്തമാക്കി.          എന്റെ കണ്ണുകളുടെ വൈെളള ഭാഗത്തു മുഴുവനായും ചുവന്ന വരകൾ കാണപെട്ടതിനാൽ കണ്ണ് മുഴുവൻ ചുവന്നിരുന്നു . പ്രാണികളുടെ കടിയേറ്റതുമൂലം എന്റെ മുഖം വീർത്ത് വിക്രുതമായിരുന്നു . കൈകളും കാലുകളും പുഴുക്കളുണ്ടാകിയ പരിക്കുകളാൽ കുഴികളും തുളകളും നിറഞ്ഞതായിരുന്നു . ഞാനോരു ജീവിക്കുന്ന പേടിസ്വപ്നം പോലെ കാണപ്പെട്ടു .

ടൂർണാവിസ്റ്റ ഒരു കർഷകജനവാസകേന്ദ്രമായതു കൊണ്ട്  അവിടെ ഒരു ചെറിയ ചികിത്സാലയമേ ഉണ്ടായിരുന്നുളളു . അവിടെവച്ച് എന്നെ കഴുകി എന്റെ



മുറിവുകൾ ചികിത്സയ്ക്കു വിധേയമാക്കി . മുറിവുകളിൽ നിന്ന് പുഴുകളെ മുഴുവനായും ഇല്ലാതാകാനായി അവർ ഒരു പ്രത്യേക മരുന്ന് പ്രയോഗിച്ചു . നീരുവരുന്നത് പ്രതിരോധിക്കാനായി അവർ എനിക്ക് ഒരു കുത്തിവെപ്പം തന്നു . വിമാനദുരന്തതിനു ശേഷം പതിനൊന്നര ദിവസം പിന്നിട്ടപ്പോൾ  മറ്റൊരു വിമാനത്തിൽ കയറി . രണ്ട് എൻജിനുകളുണ്ടായിരുന്ന ആ വിമാനം പുകാൾപായ്ക്ക് അടുത്തുളള Summer Institute of Linguistics -  ന്റെ US mission base ലേക്കാണ് എനെ

കൊണ്ടുപോയത് . അവിടെ  ഒരു അമേരിക്കൻ ഡോക്ടർ എന്നെ പരിചരിച്ചു . എന്റെ നിർദ്ദേഷങ്ങളുടെ സാഹായത്താൽ അന്വേഷണ വിമാനങ്ങൾ അപകടത്തിൽ പെട്ട വിമാനത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി . എന്റെ അടുത്ത് നിൽക്കാൻ എന്റെ അച്ഛൻ എത്തിചേർന്നു . ഞാൻ സംശയിച്ചിരുന്ന കാര്യം അച്ഛൻ എനോടു പറഞ്ഞു .അമ്മ മരിച്ചു.( വനത്തിൽ 16 കിലോ മീറ്റർ പ്രദ്ദേശത്ത് വീമാനവശിഷ്ടങ്ങൾ ചിതറികിടന്നിരുന്നതായി അന്വേഷകർ കണ്ടെത്തി . വിമാനപകടത്തിന്റെ കാരണമോ , എങ്ങനെ ദുലിയൻ സുരക്ഷിതയായി താഴെ എത്തിയെന്നും ഉള്ള കാര്യങ്ങൾ അജ്ഞാതമണ് . ഒരു സിദ്ധാന്തം ഇതാണ് ; വിമാനം മൂവായിരം മീറ്റർ ഉയരത്തിൽ  വച്ചു പൊട്ടിത്തകർന്നു . വിമാനത്തിലെ ചില ഭാഗങ്ങളുടെ വീഴ്ച്ചയുടെ അഘാദം കൊടുങ്കാറ്റിൽ വായുവിന്റെ ശക്തമായ മുകളിലേക്കുള്ള പ്രവാഹം , ലഘുകരിച്ചു.)



# GLOBAL WARMING IS KILLING MANY !

Hudha Aboobacker

Oh! Global warming is real .Convincing evidences are mounting .Heat is slowly killing living organisms. A number of species are being threatened and are even wiped off the face of the earth. Here's one martyr-the golden toad of Costa Rica . This species have now become extinct some fate awaits humans. Beware of the harmful signals and start correction defects. Halt global warming or face the ultimate doom.

To analyse the data of global warming published January 2008 convincingly prove the global

warming is having a widespread impact on the world's plant and animals. It is proved that four out of five animals shifted their ranges to ward the poles or higher attitudes They have also the been mating and migrating earlier in the spring .

The changes notes are small , but alarming . Frogs are breeding 23 day earlier on average each decade. Blooming of flower and migration of bird two showed the same effect . Movement towards poles is founded to be at the rate 6.1 kilometers a decade for butterflies and birds .

Such slow impact may ultimately enhance the speed of destruction of species.

# പ്രഹേളിക

ലക്ഷ്മീദേവി വി ജി

പരീക്ഷാ മുറിയിലായിരുന്നു
അന്നത്തെ എന്റെ ജോലി
ചോദ്യക്കടലാസു നൽകും വരെ
കണ്ണേറുവിട്ടും കുശലം പറഞ്ഞുമിരുന്നവർ
ചോദ്യത്തിലൂടങ്ങനെ മിഴികൾ പരത്തു -
ന്നേരം കണ്ടു ഞാൻ വിളറി വിവർണ്ണമാം -
 മുഖങ്ങളും വിറയ്ക്കും കരങ്ങളും
എവിടെ തുടങ്ങണമെന്നറിയാതെ -
യുള്ളൊരാ പകപ്പും വിയർക്കലും
കോമ്പസ്സിൻ നൃത്തം കാണുമ്പോഴാ-
ണോർത്തത് ഗണിതമാണല്ലോയെന്ന്.
വൃത്തത്തിലൂടെ സൂചികൾ ഓടിത്തളർന്നു
താളുകളേറെ മറിച്ചും തീർന്നു
മണി മുഴങ്ങി കടലാസുകെട്ടി തിരികെ-
ത്തരുന്നേരം ദീർഘമായൊന്നു
നിശ്വസിച്ചെൻ കുഞ്ഞുങ്ങൾ, കൂടെ ഞാനും ...

# PARENTS

Mizba Mehzin

Everything in the universe is undoubtedly the gift of GOD and everything has significance in our life. GOD has not created anything which is not useful. GOD has been very kind in giving us he best thing in life but of them all the greatest gift that has been given us, are our parents. Our parents take care of us and help us stand on our feet. It is our parent who teach us to grow up in life to become worthy citizens..

# RAIN

Sahala shahanas

I woke up this morning with
a terrifie  urge to lie in  bee all day
and read fought against if for a minute

Then looked out the window at the rain
And gave one put my self entirely
in keep of this rainy  morning


would  I live many life  over again!
make the same unfargivable mistake ?
Yes given half a  chance yes

# A WRITE UP- C V RAMAN MIZBA MEHZIN

## Beginnings

Chandrasekhara Venkata Raman was born on November 7, 1888 in the city of Trichinopoly, Madras Presidency, British India. Today the city is known as Tiruchirappalli and sits in the Indian state of Tamil Nadu.

Raman’s father was Chandrasekaran Ramanathan Iyer, a student teacher of mathematics and physics. His mother




was Parvathi Ammal, who was taught to read and write by her husband. From a very young age Raman was interested in science. Entering his teenage years, he began learning from books his father had bought when he had intended taking a master’s degree in physics.

Raman was enormously enthusiastic about science. On vacations he would demonstrate experiments to his younger

brothers and sisters. He completed his degree in 1904,winning medals in physics and English.

**Blue colour of sky**




Lord Rayleigh, one of the great physicists of that time. He had won the 1904 Nobel Prize in Physics. His importance to Raman’s story is that Rayleigh had been the first to explain why the sky is blue. If Earth had no atmosphere, anyone who happened to be around in such circumstances would see a white sun and a black sky. However, this is not what we see, because sunlight interacts with the gases in Earth’s atmosphere. Rather than coming straight to our eyes from the sun, sunlight is scattered in all directions by the atmosphere. Blue light is scattered most, meaning that it comes to our eyes from everywhere in the sky, therefore the sky looks blue.He had then explained the sea’s colour

by saying it was simply a reflection of the sky's colour.

One day Raman was on the deck of a ship in the

Mediterranean Sea He looked at the beautiful blue colour of the Mediterranean Sea and began to doubt Rayleigh's explanation of its colour. Raman Discovers that the Sea Scatters Light .When he sailed back to India in September 1921 Raman, an indefatigable scientist, had with him some simple physics apparatus: a prism, a miniature spectroscope, and a diffraction grating. He used these to study the sky and the sea and concluded that the sea was scattering light.

Hence when Rayleigh said the sea's color is simply a reflection of the sky's color, he was not wholly correct.

## The Raman Effect

Raman and his students continued researching light scattering in gases, liquids and solids.They used monochromatic light – sunlight that had been filtered to leave only a single color – and found that a variety of different liquids – sixty of them – did indeed change the color of the light. Raman showed that the energy of photons scattered inelastically serves as a 'fingerprint' for the substance the light is scattered from. As a result of this, Raman spectroscopy is now commonly used in chemical laboratories all over the world to identify substances.It is

also used in medicine to investigate living cells and tissues –

even detecting cancers – without causing harm.

Raman was awarded the 1930 Nobel Prize in Physics for "work on the scattering of light and for the discovery of the effect named after him."

n 1933 Raman became the first Indian director of the Indian Institute of Science in Bangalore. In 1947 he became independent India's first National Professor. In 1948 he founded the Raman Research Institute in Bangalore, where he worked until the end of his life.

# കമലാ സുരയ്യ

സാദിയ അഷറഫ്

പാതിവഴിയിൽ നമ്മിൽ നിന്ന്
അകന്നുപോയ വെള്ളിനക്ഷത്രം
കാലം മറക്കാത്ത സ്നേഹ പ്രകാശം
മനസ്സിലെ മായാത്ത സ്നേഹ പ്രഭാവം

സ്നേഹത്തിൻ വഴിയിലെ
മുൾപാതയൊ പുൽപ്പാതയാക്കിയ നക്ഷത്രം
സ്നേഹത്തിൻ വഴിയിലെ
ശത്രുതയെ പുഞ്ചിരിയാൽ നേരിട്ട നക്ഷത്രം

ഒരിക്കലും മറക്കില്ല മാനവ ഹൃദയങ്ങൾ
ജ്ഞാന പ്രകാശത്തെ മറക്കില്ലൊരിക്കലും
ശത്രുവിനെയും മിത്രമാക്കും
ജ്ഞാന പ്രകാശത്തെ മറക്കില്ലൊരിക്കലും

## കാക്ക

മരിയ ജോയ്സ്



ചീത്തകൾ കൊത്തിയെടുക്കുന്നു
വൃത്തിയാക്കീടുന്നു ചുറ്റുപാടും

ചേറിൻ കറുപ്പുള്ള വേഷമാണെങ്കിലും
ചോറിൻ വെളുപ്പല്ലോ നിൻ മനസ്സ്

തീറ്റയെന്തെങ്കിലും കണ്ടാൽ മിണ്ടാതെ നീ
യൊറ്റയ്ക്കു ചെന്നതു കൊത്തിയാലും

നിന്നിൽ നിന്നും പഠിച്ചീടട്ടെ മനുഷ്യർ
ഒന്നിച്ചീടുന്നതിൻ ശക്തി സൗഖ്യം

# കാടെന്ന വീട്

ആഷ്ന കെ.എം

ജീവജാലങ്ങൾ തിങ്ങി പാർക്കുന്ന നാട്

പച്ചപ്പും കുളിർമയും

പക്ഷിലതാദികളും

എല്ലാമുള്ളൊരു കാട്.

ഓടക്കുഴൽ വിളിപ്പോലെ

മൂളിപ്പാടുന്ന കുയലിൻ കച്ചേരി

പച്ചവിരിപ്പിൻ മുത്തുമണികളായി

സൂര്യക്കിരണങ്ങൾ

വിതറിക്കിടക്കുന്ന കാഴ്ച



ലോകത്തിന് സൗന്ദര്യമേകി

നമുക്കത് കാടെന്നാകിലും ഓർക്കുക

പലരുടെയും വീടാണ് കാട്.

## അന്നവസാനം

ദേവിക



ഒരു മഴ , മേഘത്തിനും
ഭൂമിക്കുമിടയിൽ വെച്ച്
നഷ്ടപ്പെട്ടുമ്പോൾ
ഒച്ചയില്ലാതെ
മണ്ണ് കരഞ്ഞത്.....
നാക്കുകളിൽ
മേഘപൂക്കളുമായി
ഇനിയൊരാളും വരാനില്ലെന്ന
അവസാനം
മനസ് പറഞ്ഞത്.....
നെഞ്ചിനുള്ളിലെ
നിന്റെ വെളുത്ത പൂക്കളെ
വിരലുകൾ
ജീവനോടെ പൊട്ടിച്ചത്....
ഹൃദയം കരയുന്ന
ഒച്ച മാത്രം കേട്ടുറങ്ങിയ രാത്രിയിൽ
മണ്ണിൽ പൂണ്ടു കിടക്കുന്ന
എൻെറ അസ്ഥിക്കൂടം നിറയെ പൂവിടർന്നത്
സ്വപ്നം കണ്ട് ചിരിച്ചത് ......

## മഴവില്ല്

പതച്ചു തേമ്പിയ തുള്ളികൾ

തീച്ചിരിയിൽ പെട്ടു വറ്റുമ്പോൾ

ഉള്ളു പൊട്ടുന്നു

കാലത്തിൻെറ നെഞ്ചിലെ,

വറ്റാത്ത വേദനകളെ

അടുപ്പെന്നും മറന്നു പോകുന്നത്

ആരുമറിഞ്ഞില്ല ആരും

# MY MUM

RISNA ASLAM 9 B

I am walking through a meadow,
I cherish my dreams in mind
I can see his sweet face on the empty sky,
I take a look and smiled,
suddenly, I saw him
In front of me
he smiled, my hand trumered
I ran to my home to see my mum.
Home, how quiet it was?
I can't do any thing-
while thinking the precious matter,
I saw my  lovely mum!!!
mum, how sweet she is?
I tell all to my mum.
She tucked me with his softy hands
I got a refreshing mind.

# എൻ സ്വപ്നങ്ങൾ

റിസ്ന അസലം _

കടൽ പോൽ എന്നുളളിൽ
ഒരുപാട് സ്വപ്നങ്ങൾ
തിരയടിച്ചങ്ങനെ അല
തല്ലുമ്പോൾ

ഓർമ്മതൻ തീരത്ത്
എന്നുമെൻ മിഴികൾ തൻ
കൺമുന്നിൽ കാണുവാൻ
കൊതിക്കുമാ സ്വപ്നങ്ങൾ

ഒരുവട്ടമെങ്കിലും എൻ
മനതാരിൽ കണ്ട ഈ സ്വപ്നങ്ങൾ
യാഥാർത്ഥ്യമാകുവാൻ
വെറുതെ ഞാൻ മോഹിച്ചുപോയി.

## സമ്മാനം

ലെന മിജേഷ്



പൂപോലെയുള്ള നിലാവ് തന്നു...

പൂവിൽ  മധുരം ഒഴിച്ചുതന്നു...

ആകാശമെന്ന കുടക്കു കീഴിൽ...

ആയിരം വർണ്ണോത്സവങ്ങൾ തന്നു...

മേടിന്റെ  പച്ചപ്പുരപ്പുതന്നു...

കാടിന്റെ കാനനച്ചോലതന്നു...

കാർമുകിലിന്റെ കനിവുതന്നു...

വാർമഴവിൻ കമ്പവുതന്നു...

കാറ്റിന്റെ ചൂളം വിളികൾ തന്നു...

തേനിറ്റവീഴും പഴങ്ങൾതന്നു...

ആളിപ്പടരുവാൻ അഗ്നിതന്നു...

ആഴിയിൽ വെള്ളം ഒഴിച്ചുതന്നു...

നീയെൻ പ്രപഞ്ചമേ ജീവനായി

തന്നതെന്തെല്ലാം അനുഗ്രഹങ്ങൾ

നീ തന്ന സമ്മാനം

പോരാഞ്ഞിട്ടോ മർത്യർ -

നിന്നെ ഉപദ്രവിക്കുന്നു.

# Do you know?


Niloofar Ali P N



* The heart of a shrimp is located in its head



* A snail can sleep for three years



* The fingerprints of koala are so indistinguishable from human that they have on occasion been confused at a crime scene



* Slugs have four noses



മഴവില്ല്

* Elephant are the only animal that can jump




* A rhinoceros' horn is made up of hair





* It is possible for hypnotize a frog by placing it on its back and gently stroking its stomach

* It take a sloth two weeks to digest its food



* Nearly three percent of the ice in Antarctic glaciers is penguin urine .



* A cow gives nearly 200,000 glasses of a milk in a lifetime



* Bat always turn left when leaving a cave .





* Giraffe have no vocal cords

**മഴവില്ല്**

* Kangaroo's can't fart



* An Ostrich's eye is bigger than its brain



* Around 50 percent of Orang utans have fractured bones , due to falling out of trees on a regular basis .





* Frogs cannot vomit , If one absolutely has to , then it will vomit it entire stomach.



# നന്ദി.....

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## ഗവ. ഗേൾസ് എച്ച് എസ് എസ്

## ആലുവ